# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1542 — 07.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്.

**സംസ്ഥാനത്തെ സിവിൽ സർവ്വീസും സർക്കാർ ഓഫീസുകളും കാര്യക്ഷമമാക്കുന്നതിന് നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സിവിൽ സർവ്വീസും സർക്കാർ ഓഫീസുകളും കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | 1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി .<br>2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തു വരുന്നു<br>3. പ്രഗത്ഭരും പ്രാപ്തരുമായ പുതു തലമുറയെ പബ്ലിക് സർവ്വീസുകളിലേക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.<br>4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകും വിധം ഒരു പുതിയ പരിശീലന നയം രൂപീകരിച്ചു.<br>5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേക്കും |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>6. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു. |
| (ബി) | ഓഫീസുകളുടെ ജിയോ മാപ്പിംഗുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തന പരിപാടികൾ വിശദമാക്കാമോ; | (ബി) & (സി) | കേരള സ്റ്റേറ്റ് ഐ ടി മിഷനു കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡേറ്റാ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ), സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളുടെയും പൊതു ഇടങ്ങളുടെയും ലൊക്കേഷൻ കണ്ടെത്തി അവ മൊബൈൽ ആപ്ലിക്കേഷനിലൂടെ ജനങ്ങൾക്കു ലഭ്യമാക്കാൻ തയ്യാറെടുക്കുന്നതിന്റെ ഭാഗമായി "വിഭവ്" എന്ന പേരിൽ മൊബൈൽമാപ്പിംഗ്ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br>മുഴുവൻ സർക്കാർ ഓഫീസുകളുടെ സ്ഥിതി വിവരങ്ങളും അവ നല്കുന്ന സേവനങ്ങളും പൂർണ്ണമായി ജിയോടാഗ്ചെയ്യുന്ന കേരളത്തിലെ ആദ്യത്തെ സംരംഭമാണ് "വിഭവ്". സർവേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ എല്ലാ വകുപ്പുകൾക്കും അവരുടെ വ്യത്യസ്ത പഠനങ്ങൾക്കും വിശകലനങ്ങൾക്കും മറ്റുമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡേറ്റാ ഇൻഫ്രാസ്ട്രക്ചറിന്റെ നിയന്ത്രണത്തിലുള്ള കേരള ജിയോപോർട്ടിൽലഭ്യമാക്കുന്നതാണ്. പ്രാരംഭഘട്ടത്തിൽ, കേരള സർക്കാർ, അർദ്ധസർക്കാർ, സർക്കാർ എയിഡഡ് സ്ഥാപനങ്ങളാണ് "വിഭവ്" ജിയോ മാപ്പിങ് വഴി രേഖപ്പെടുത്തുന്നത്, |
| (സി) | ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ ദിശയിൽ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഇതിനോടകം തന്നെ കേരളത്തിലെ 12,000 ൽ അധികം സർക്കാർ, അർദ്ധസർക്കാർ, സർക്കാർ എയിഡഡ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കപ്പെട്ടിട്ടുണ്ട്.<br>കാര്യക്ഷമവും സൂക്ഷ്മവുമായ വിവരശേഖരണത്തിന് കേരളത്തിലെ അക്ഷയ സെന്ററുകളുടെ വിശാലമായ ശൃംഖല ആണ് പ്രയോജനപ്പെടുത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് അക്ഷയ കേന്ദ്രങ്ങൾക്കു വേണ്ട പ്രത്യേക പരിശീലനപരിപാടികൾ ഐടി മിഷന്റെ നേതൃത്വത്തിൽ ഇതിനോടകം തന്നെ നല്കികഴിഞ്ഞു. നിലവിൽ 1050 അക്ഷയ സംരംഭകർ കേരളത്തിലെ എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ സർവ്വേ ആരംഭിച്ചു കഴിഞ്ഞു. ദിനംപ്രതിയുള്ള സർവ്വേ പുരോഗതി വിലയിരുത്തുന്നതിനായുള്ള വെബ്പോർട്ടലും കെ.എസ്.ഡി.ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br>വിഭവിന്റെ തുടർച്ചയായി വരാനിരിക്കുന്നപൊതുജനങ്ങൾക്കുള്ള മൊബൈൽ ആപ്ലിക്കേഷനിൽ സേവനങ്ങളെ (services) മുൻനിർത്തിയുള്ള തിരച്ചിലുകൾക്ക് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഉപയോക്താവിന്റെആവശ്യത്തിനനുസൃതമായുള്ള സേവനങ്ങൾ ലഭ്യമാകുന്ന ഓഫീസുകളിലേക്ക് എത്തിച്ചേരുന്നതിനുള്ളവഴികാട്ടിയായും (Navigator) വിഭവ് പ്രവർത്തിക്കും |

സെക്ഷൻ ഓഫീസർ